'ഭരണഭാഷ– മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയസഭാ ചോദ്യം നം. 68 | 04.03.2020–ൽ മറുപടിയ്ക്ക്

## പരിസ്ഥിതി സംവേദക മേഖലകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>,, സി.കെ. ആശ<br>ശ്രീ. എൽദോ എബ്രഹാം : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | പരിസ്ഥിതി സംവേദക മേഖലകൾ രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കുമോ; ഇവ രൂപീകരിക്കുന്നത് കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് വേണ്ടിയാണ് പരിസ്ഥിതി സംവേദക മേഖലകൾ രൂപീകരിക്കുന്നത്. പരിസ്ഥിതി സംവേദക മേഖല സംരക്ഷിത പ്രദേശങ്ങൾക്ക് സുരക്ഷാ കവചമായി പ്രവർത്തിക്കും എന്നതാണ് ഇതിന്റെ ഉദ്ദേശ ലക്ഷ്യം.<br>പരിസ്ഥിതി മലിനീകരണം, പാരിസ്ഥിതിക ആഘാതം എന്നിവയിൽ നിന്ന് വന്യജീവി സങ്കേതങ്ങൾക്ക് സംരക്ഷണം നൽകാൻ കഴിയുന്നു എന്നതിനു പുറമെ വനനശീകരണം തടയാനും, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനും കഴിയുന്നു എന്നതാണ് പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നതു കൊണ്ടുള്ള പ്രധാന നേട്ടങ്ങൾ. ശുദ്ധവായു, ശുദ്ധജലം എന്നിവയുടെ ലഭ്യത, സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള പാരിസ്ഥിക ആഘാതം കുറയ്ക്കുന്നതിലൂടെ പ്രകൃതി ദുരന്തങ്ങളിൽ നിന്നുള്ള മോചനം എന്നിവ പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നതിന്റെ പരോക്ഷമായ നേട്ടങ്ങളാണ്. |

| | | | |
|---|---|---|---|
| (ബി) | കേരള സർക്കാർ 2013-ൽ സമർപ്പിച്ച പരിസ്ഥിതി സംവേദക മേഖലയ്ക്കായുള്ള കരട് വിജ്ഞാപനത്തിന്റെ സ്ഥിതി എന്താണെന്നറിയിക്കുമോ; | (ബി) | കേരള സർക്കാർ 2013-ൽ സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങളെ തുടർന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റും പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നതിനായുള്ള കരട് വിജ്ഞാപനം 2016 ആഗസ്റ്റ് മാസത്തിൽ പ്രസിദ്ധീകരിക്കുകയും പ്രസ്തുത വിജ്ഞാപന നിർദ്ദേശങ്ങൾ അന്തിമമായി അംഗീകരിക്കുന്നതിന് മുന്നോടിയായി 2017 ഫെബ്രുവരി 27-28 തീയതികളിൽ ന്യൂഡൽഹിയിൽ ചേർന്ന ചീഫ് വൈൽഡ് ലൈഫ് വാർഡൻമാരുടെ യോഗത്തിൽ സംസ്ഥാനത്തുനിന്ന് സമർപ്പിച്ച കരട് നിർദ്ദേശങ്ങളിൽ ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ അവ ഭേദഗതികളോടെ വീണ്ടും സമർപ്പിക്കുവാൻ കഴിയാതിരുന്നതിനാൽ കേന്ദ്ര സർക്കാർ 2016-ൽ പ്രസിദ്ധീകരിച്ച കരട് വിജ്ഞാപനം റദ്ദാക്കി. |
| (സി) | സംസ്ഥാന സർക്കാർ സംരക്ഷിത മേഖലകൾക്ക് ചുറ്റും പരിസ്ഥിതി സംവേദക മേഖല പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ കേന്ദ്രത്തിന് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് പരിസ്ഥിതി സംവേദക മേഖലകൾക്ക് ചുറ്റും പരിസ്ഥിതി സംവേദക മേഖല പ്രഖ്യാപിക്കുന്നതിനായുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ 03/01/2020-ലെ ഡി2/46/2019/വനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ വരെയാണ് പരിസ്ഥിതി സംവേദക മേഖലയായി പരിഗണിക്കേണ്ടിയിരുന്നതെങ്കിലും കരട് വിജ്ഞാപനം തയ്യാറാക്കിയപ്പോൾ പരിസ്ഥിതി സംവേദക മേഖല ഒരു കിലോമീറ്ററിന് പുറത്തു പോയ സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (ഡി) | സംസ്ഥാനത്തുനിന്ന് സമർപ്പിച്ചിട്ടുള്ള പരിസ്ഥിതി സംവേദക മേഖല സംബന്ധിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങളിൽ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ജനവാസ മേഖലകളിൽ ദൂരപരിധി ഒരു കിലോമീറ്ററിൽ പുറത്ത് പോയിട്ടില്ല. ജനവാസ മേഖലകൾ അല്ലാത്ത ഭാഗങ്ങളിൽ പരിസ്ഥിതി സംവേദക മേഖല ഒരു കിലോ മീറ്ററിനും പുറത്തേക്കും നിശ്ചയിച്ചിട്ടുണ്ട്. |
| (ഇ) | പരിസ്ഥിതി സംവേദക മേഖലകളിൽ കരിങ്കൽ ക്വാറികൾക്ക് പ്രവർത്തനാനുമതി ലഭിക്കുമോ എന്നറിയിക്കാമോ? | (ഇ) | പരിസ്ഥിതി സംവേദക മേഖലകളിൽ കരിങ്കൽ ക്വാറികൾക്ക് നിരോധനമാണ് നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ